**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യ ഡയറക്ടറേറ്റിലേയും 3 മേഖലാ ഓഫീസുകളിലേയും കമ്പ്യൂട്ടർവൽക്കരണം - ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 1914/2014/തസ്വഭവ    തീയതി, തിരുവനന്തപുരം   22.7.2014

==========================================================================

പരാമർശം:- 1) 25/3/2014ലെ ഡിസി3-4710/14 നമ്പർ നഗരകാര്യ ഡയറക്ടറുടെ കത്ത്.
2) 3/9/2013ലെ സ.ഉ(സാധ) 2231/13/തസ്വഭവ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

2014-15 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ നഗരകാര്യ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ നഗരകാര്യ ഡയറക്ടറേറ്റിലും 3 മേഖലാ ഓഫിസുകളിലും കമ്പ്യൂട്ടൽവൽക്കരണത്തിനായി 2217-80-001-95 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. 2013-14-ൽ ഇതേ ആവശ്യത്തിനായി പരാമർശം (2) ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014-15 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ നഗരകാര്യ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ നഗരകാര്യ ഡയറക്ടറേറ്റിലേയും 3 മേഖലാ ഓഫീസുകളിലേയും കമ്പ്യൂട്ടർവൽക്കരണത്തിന് 2217-800-001-95 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ (ഇരുപതു ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്,
ഗവൺമെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ട്രഷറി ഓഫീസർ, സബ്ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പ്
തസ്വഭവ (എഫ് എം) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, IKM, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ